# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## പാപികളാണെന്ന തിരിച്ചറിവോടെ ക്രിസ്തുവിൽ പരിവർത്തനപ്പെടുക



ക്രിസ്തുവിനെ കണ്ടുമുട്ടാൻ അവനവന്റെ പാപത്തെ തിരിച്ചറിഞ്ഞ് പരിവർ ത്തനപ്പെടാൻ ഫ്രാൻസിസ് പാപ്പാ ക്രൈസ്തവരെ ആഹ്വാനം ചെയ്യുന്നു. കാസയിലെ സാന്റാ മാർത്തായിലെ ദിവ്യബലിയിൽ സംബന്ധിച്ചവരോടു സംസാരിക്കുകയായിരുന്നു ഫ്രാൻസിസ് പാപ്പാ.

വിശുദ്ധകുർബാനയിലെ വായനയ്ക്കായി പാപ്പാ തെരെഞ്ഞെടുത്തത് വിശുദ്ധ പൗലോസ് ശ്ലീഹായുടെ കൊറിന്ത്യർക്കെഴുതിയ ലേഖനത്തിലെ വചനങ്ങളായിരുന്നു. ഒരുവൻ മറ്റുള്ളവർക്കിടയിൽ സ്വയം വിവേകിയെന്നു പറയുമ്പോൾ അവൻ വിഡ്ഢി യായി മാറുകയാണ്. അവന്റെ ജ്ഞാനത്തിന്റെ ലോകം എന്നത് ദൈവത്തിന്റെ ദൃഷ്ടി യിൽ ഭോഷരുടെ ലോകമാണ്.

ദൈവവചനത്തിന്റെ ശക്തി ഹൃദയത്തിൽ യഥാർത്ഥമായ മാറ്റത്തെ കൊണ്ടു വരുമെന്നും ലോകത്തെ മാറ്റത്തിലേയ്ക്കു നയിക്കാൻ ഈ മാറ്റത്തിലൂടെ നമുക്ക് കഴിയുമെന്നും ഫ്രാൻസിസ് പാപ്പ പറയുന്നു. ഈ മാറ്റം നമ്മിൽ പ്രതീക്ഷയും ജീവനും നൽകുന്നു. തന്റെ സമകാലീനരായ അദ്ധ്യാപകരെക്കുറിച്ച് വിശുദ്ധ പൗലോസ് പറയുന്നു. അവർ ഒരിക്കലും തങ്ങളുടെ അറിവിൽ ആത്മപ്രശംസ നടത്തിയിരുന്നില്ല. അവരുടെ പാപങ്ങളെക്കുറിച്ചാണ് അവർ സംസാരിച്ചിരുന്നത്. ക്രിസ്തുവിന്റെ കുരിശു മരണവും അവരുടെ പാപങ്ങളും തമ്മിലുള്ള കൂടിച്ചേരലുകളെക്കുറിച്ച് അവർ ആത്മ പ്രശംസ നടത്തിയിരുന്നു. എന്തുകൊണ്ടെന്നാൽ ആ സമാഗമം അവർക്ക് പാപ മോചനം നൽകുമെന്ന് അവർ ഉറപ്പായും വിശ്വസിച്ചിരുന്നു.

അത്ഭുതകരമായ മീൻപിടുത്തത്തിനുശേഷം വിശുദ്ധ പത്രോസും ക്രിസ്തുവും തമ്മിലുള്ള കണ്ടുമുട്ടൽ ശ്രദ്ധേയമാണ്. എന്നിൽനിന്നും അകന്നുപോകുക, ഞാൻ പാപിയാണ് എന്നാണ് പത്രോസ് പറയുന്നത്. ക്രിസ്തുവും പൗലോസിന്റെ പാപവും തമ്മിലുള്ള സമാഗമത്തിൽ പാപമോചനം സാധ്യമാകുന്നു എന്ന് ഫ്രാൻസിസ് പാപ്പാ പറയുന്നു. പാപികളാണെന്നു ദൈവത്തോടു സ്വയം ഏറ്റുപറയാൻ എല്ലാ ക്രൈസ്തവരും തയ്യാറാകണമെന്നും അതിലൂടെ ക്രിസ്തുവിലേയ്ക്കു പരിവർത്തനപ്പെടണമെന്നും ആഹ്വാനംചെയ്താണ് പാപ്പാ തന്റെ വിശുദ്ധ കുർബാന അവസാനിപ്പിച്ചത്.